UNIVERSITY OF CALICUT

(DOA)

No: 127241/DOA-ASST-8/2026/Admn Dated,Calicut University P.O 25.06.2026

## NOTIFICATION

2026-27 അധ്യയന വർഷത്തെ കോളേജ് ട്രാൻസ്ഫറിനായി നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന് , അഞ്ച് സെമസ്റ്ററുകളിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുന്നു. മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ മാറ്റം / മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ അനുവദനീയമാണ്. എന്നാൽ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പടെ കാലിക്കറ്റ് സർവകലാശാലക്ക് കീഴിലെ കോളേജുകളിലേക്കു ട്രാൻസ്ഫറിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സർവകലാശാലാ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓട്ടോണമസ് കോളേജുകൾ **ഒഴികെയുള്ള** മറ്റ് അഫിലിയേറ്റഡ് ഓട്ടോണമസ് കോളേജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, ബന്ധപ്പെട്ട ഓട്ടോണമസ് കോളേജിനെ സമീപിക്കേണ്ടതാണ്. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ് - മേജർ ഓപ്ഷനുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

| | |
|---|---|
| വെബ്സൈറ്റ് | https://admission.uoc.ac.in/admission?pages=Transfer |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 25.06.26 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 30.06.26 12 P.M |
| ഫീസ് | Rs. 55 /- |

നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത:

(a) കോളേജ് ട്രാൻസ്ഫർ വിജ്ഞാപന തീയതിയ്ക്ക് മുൻപായി സർവകലാശാല പ്രസിദ്ധീകരിച്ച മുഴുവൻ സെമസ്റ്ററുകളുടെയും പരീക്ഷാ രജിസ്ട്രേഷൻ വിദ്യാർത്ഥി പൂർത്തീകരിച്ചിരിക്കണം.

(b) കൂടാതെ തൊട്ടുമുൻപത്തെ സെമസ്റ്ററിൽ (immediately preceding semester) കുറഞ്ഞത് കണ്ടോണബിൾ പരിധിയിലുള്ള ഹാജർ വിദ്യാർത്ഥി നേടിയിരിക്കണം (APC within Condonable limit ).

(C) കുറഞ്ഞത് ഒരു കോഴ്സ് അറ്റൻഡ് ചെയ്ത് കോളേജ് ട്രാൻസ്ഫർ വിജ്ഞാപന തീയതിയ്ക്ക് മുൻപായി സർവകലാശാല പ്രസിദ്ധീകരിച്ച സെമസ്റ്ററുകളിൽ കുറഞ്ഞത് 4 ക്രെഡിറ്റ് നേടിയിട്ടുള്ള മൈനർ വിഷയങ്ങളിൽ ഒന്നിലേക്കോ, അല്ലെങ്കിൽ കുറഞ്ഞത് ഒരു കോഴ്സ് അറ്റൻഡ് ചെയ്ത് ടി സെമസ്റ്ററുകളിൽ കുറഞ്ഞത് 3 ക്രെഡിറ്റുകൾ നേടിയിട്ടുള്ള മൾട്ടി ഡിസിപ്ലിനറി കോഴ്സ് (എംഡിസി) ലേക്കു മാത്രമേ വിദ്യാർഥികൾക്ക് മേജർ സ്വിച്ചിങ് നടത്താൻ അനുവാദമുള്ളൂ.

- നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ പഠന കാലയളവിൽ ഒരു വിദ്യാർത്ഥിയ്ക്ക് ഒരു തവണ മാത്രമേ കോളേജ് ട്രാൻസ്ഫറിന് അർഹതയുള്ളൂ. ആയതിനാൽ മുൻ സെമസ്റ്ററുകളിൽ മേജർ മാറ്റത്തോട് കൂടിയോ അല്ലാതെയോ കോളേജ് ട്രാൻസ്ഫർ ലഭിച്ച വിദ്യാർത്ഥികൾ വീണ്ടും കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് അർഹരല്ല.
- Discontinued / Year out ആയ വിദ്യാർത്ഥികൾക്ക്, FYUGP റെഗുലേഷനിലെ വ്യവസ്ഥകൾക്ക് വിധേയമായി റീ - അഡ്മിഷനോടുകൂടിയ കോളേജ് ട്രാൻസ്ഫർ അനുവദനീയമാണ് .
- പരീക്ഷാ ക്രമക്കേടിന് ആരോപണ വിധേയരായ വിദ്യാർത്ഥികൾ (Suspected Malpractice) കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് അർഹരല്ല.
- അഞ്ചാം സെമസ്റ്ററിൽ മേജർ മാറ്റത്തോടെ കോളേജ് ട്രാൻസ്ഫർ നടത്തുന്നതിന് അനുമതിയില്ല.
- CUFYUGP റെഗുലേഷന്റെ പരിധിയിൽ വരാത്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
- നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ , ഇൻറർ കോളേജ് മേജർ മാറ്റം / കോളേജ് മാറ്റം എന്നിവ സംബന്ധിച്ച സർവകലാശാലാ നിയമങ്ങൾ അപേക്ഷകർക്ക് ബാധകമായിരിക്കുന്നതാണ്.
- സർവകലാശാലയുടെ കോളേജ് ട്രാൻസ്ഫർ പ്രക്രിയയിൽ ഉൾപ്പെടുന്ന ഓട്ടോണമസ് കോളേജുകൾ

**<u>അഞ്ചാം സെമസ്റ്റർ കോളേജ് ട്രാൻസ്ഫർ</u>**

1) KORAMBAYIL AHAMMED HAJI MEMORIAL UNITY WOMEN'S COLLEGE, MANJERI , MALAPPURAM
2) SULLAMUSSALAM SCIENCE COLLEGE , AREAKODE , MALAPPURAM
3) M.E.S PONNANI , MALAPPURAM
4) M.E.S KALLADI COLLEGE, MANNARKKAD , PALAKKAD
5) AMAL COLLEGE OF ADVANCED STUDIES, SANTHIGRAMAM NILAMBUR , MALAPPURAM
6) GEMS ARTS AND SCIENCE COLLEGE, RAMAPURAM , , MALAPPURAM
7) NAIPUNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY, KORATTY , THRISSUR
8) POCKER SAHIB MEMORIAL ORPHANAGE (PSMO) COLLEGE, TIRURANGADI , MALAPPURAM
9)SAHRDAYA COLLEGE OF ADVANCED STUDIES, KODAKARA, , THRISSUR
10) LITTLE FLOWER COLLEGE, GURUVAYOOR , THRISSUR

**<u>മൂന്നാം സെമസ്റ്റർ കോളേജ് ട്രാൻസ്ഫർ (മേജർ സ്വിച്ചിങ് ഉൾപ്പടെ )</u>**

1) KORAMBAYIL AHAMMED HAJI MEMORIAL UNITY WOMEN'S COLLEGE, MANJERI , MALAPPURAM
2) SULLAMUSSALAM SCIENCE COLLEGE , AREAKODE , MALAPPURAM
3) M.E.S PONNANI , MALAPPURAM
4) M.E.S KALLADI COLLEGE, MANNARKKAD , PALAKKAD

Prof.(Dr.) Sebastian C. D.
Registrar

To

ഓട്ടോണമസ് ഉൾപ്പടെയുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / പരീക്ഷ കൺട്രോളറുടെ പി എ / ഡയറക്ടർ CUCC / ഡെപ്യൂട്ടി രജിസ്ട്രാർ ജി & എ വിഭാഗം / പി ആർ ഒ / സുവേഗ.